ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in
ഇ-മെയിൽ: dhskerala@gmail.com, dhskerala.hlth@kerala.gov.in

മേലെഴുത്ത് കത്ത് നമ്പർ :DHS/15253/2026-EB4 തീയതി : 29-10-2026

ഡോ സിന്ധു വി ഫയൽ ചെയ്ത OA(EKM) 891/2026 നമ്പലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17-09-2026 തീയതിയിലെ ഉത്തരവ് അനുവർത്തനം ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു.

SENIOR SUPERINTENDENT

"ശ്രേണഭോഷ- മാതൃഭോഷ"

കേരളം സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ് -ജീവനക്കാര്യം- ഡോ സിന്ധു വി ഫയൽ ചെയ്ത OA(EKM) 891/2026 നമ്പേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 17-09-2026 തീയതിയിലെ ഉത്തരവ്- അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ(എ) വകുപ്പ്

സ.ഉ.(സാധാ) നം.3583/2026/H&FWD തീയതി,തിരുവനന്തപുരം, 26-10-2026

പരാമർശം:- 1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA (EKM) 891/2026 നമ്പേലുള്ള 17-09-2026 തീയതിയിലെ ഉത്തരവ്

2 ഡോ സിന്ധു വി സമർപ്പിച്ച 07-09-2026 തീയതിയിലെ അപേക്ഷ (Annexure A10)

ഉത്തരവ്

നിലവിൽ കോഴിക്കോട് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സിന്ധു.വി, 2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ ടിയാളെ വളയം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ ബഹു.ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 891/2026 നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിന്മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം അപേക്ഷക ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ചിരിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷകയെ നേരിൽ കേട്ട ശേഷം ഉത്തരവ് പുറപ്പെടുവിക്കുവാനും പ്രസ്തുത അപേക്ഷയിൽ അന്തിമ തീരുമാനമാകുന്നത് വരെ അപേക്ഷകയെ തൽസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നതിനും കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവ് നികത്തരുതെന്നും ബഹു.ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2. ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-10-2026 ന് അപേക്ഷകയെ നേരിൽ കേട്ടിരുന്നു. നേരിൽ കേട്ട വേളയിൽ അപേക്ഷക ഹാജരാക്കിയ വിവരങ്ങൾ ബോധിപ്പിച്ചിരുന്നു.

2026 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ തന്റെ ഓപ്ഷനുകൾക്ക് വിരുദ്ധമായി തന്നെ

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിന്നും വളയം സാമൂഹിക ആരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലം മാറ്റിയിരുന്നു. 2014 മുതൽ തന്റെ താമസസ്ഥലത്ത് നിന്നും 40 കിലോമീറ്ററിന് താഴെ ചുറ്റളവിലുള്ള ഒരു സ്റ്റേഷനിലും ജോലി ചെയ്യാൻ സാധിച്ചിട്ടില്ല. വളയം സാമൂഹികാരോഗ്യ കേന്ദ്രം താമസസ്ഥലത്തു നിന്നും 90 കിലോമീറ്റർ ദൂരെയാണ്. റെയിൽ മാർഗവും റോഡ് മാർഗവും മുഖേനയുള്ള യാത്രയിലൂടെ മാത്രമേ അവിടെ എത്തിച്ചേരാൻ കഴിയൂ. 22.06.2010ൽ ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. വയനാട്, കോഴിക്കോട് ജില്ലകളിലെ ദുർഘടപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും സേവമനുഷ്ഠിച്ചിട്ടുണ്ട്. ജീവിതപങ്കാളി കേരളത്തിന് പുറത്താണ് ജോലി ചെയ്യുന്നതെന്ന പരിഗണന ലഭിച്ചുവെന്ന് പറയപ്പെടുന്ന 2016 കാലയളവിൽ വൈത്തിരി താലൂക്ക് ആശുപത്രിയിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. അന്ന് മുതൽ ഇത് പ്രകാരമുള്ള മുൻഗണനയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം നൽകണമെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 2020 വരെ സ്ഥലം മാറ്റം അനുവദിച്ചിരുന്നില്ല. തുടർന്ന് 03.05.2020ൽ നിർബന്ധിത സ്ഥലം മാറ്റത്തിന്റെ അടിസ്ഥാനത്തിലാണ് കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റുന്നത്. പ്രസ്തുത സ്റ്റേഷൻ തന്റെ ഓപ്ഷൻ ആയിരുന്നില്ല. ഇവിടെ നിന്നും മേൽ സൂചിപ്പിച്ച മുൻഗണനയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും പരിഗണിക്കപ്പെട്ടിരുന്നില്ല. ഭർത്താവ് മറ്റൊരു സംസ്ഥാനത്ത് ജോലി ചെയ്യുന്നതിനാൽ എട്ടും 13ഉം വയസുള്ള രണ്ട് പെൺകുട്ടികളുടെയും പ്രായമായ മാതാപിതാക്കളുടെയും ദൈനംദിന കാര്യങ്ങൾ താനാണ് നോക്കുന്നത്. ആരോഗ്യപ്രശ്നങ്ങൾ അലട്ടുന്ന തനിക്ക് ഇതെല്ലാം ഒറ്റയ്ക്ക് കൈകാര്യം ചെയ്യേണ്ടി വരുന്നതിന് പുറമേ പ്രതിദിനം 90 കിലോമീറ്ററോളം സഞ്ചരിച്ച് ഒരു മെഡിക്കൽ ഓഫീസറുടെ ഉത്തരവാദിത്തങ്ങൾ വീഴ്ചയില്ലാതെ ചെയ്യേണ്ടതുണ്ട്. മധ്യവയസിനോട് അടുക്കുന്ന ഒരു സ്ത്രീ എന്ന നിലയിൽ ഇത് നിരവധി ശാരീരിക മാനസിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് കോഴിക്കോട് ബീച്ച് ആശുപത്രിയിൽ നിലവിൽ ഉള്ള ഒഴിവിൽ നിയമനം നൽകണമെന്നും അപേക്ഷക അഭ്യർത്ഥിച്ചിരുന്നു.

3. പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ താഴെപ്പറയും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ.സിസ്സു.വി 03/12/2024 മുതൽ നിലവിലെ സ്റ്റേഷൻ ആയ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു വരുന്നു അതിനു മുൻപ് ടിയാൾ 06/05/2020 മുതൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിലാണ് സേവനമനുഷ്ഠിച്ചിരുന്നത്.

ഡോ.സിസ്സു.വി നിലവിൽ സേവനമനുഷ്ഠിക്കുന്ന പേരാമ്പ്ര താലൂക്ക് ആശുപത്രിയും കുറ്റ്യാടി താലൂക്ക് ആശുപത്രിയും 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ള സ്ഥാപനങ്ങൾ ആയതിനാൽ ആയവ

ഒരേ സ്റ്റേഷൻ ആയി കണക്കാക്കപ്പെടുന്നു. ആയതിനാൽ ടിയാൾ 06/05/2020 മുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. 2024 പൊതുസ്ഥലംമാറ്റത്തിൽ ഡോ.സിന്ധു.വി സമർപ്പിച്ചിരുന്ന ഓപ്ഷനുകളിൽ ടിയാളേക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള മെഡിക്കൽ ഓഫീസറെ ഔട്ട് സ്റ്റേഷൻ സർവീസ് കണക്കാക്കി പരിഗണിച്ചിരുന്നതിനാൽ ഡോ സിന്ധു വി-യുടെ ഓപ്ഷനുകൾ പരിഗണിക്കാൻ നിർവ്വാഹമില്ലായിരുന്നു. അപേക്ഷക ഫയൽ ചെയ്തിരുന്ന OA(EKM) 1046/2024 നമ്പർ കേസിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ.ഉ (സാധാ) നം.2855/2024/H&FWD തീയതി 26/11/2024 പ്രകാരം ഡോ.സിന്ധു.വിയ്ക്ക് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിയമനം നൽകി ഉത്തരവായിരുന്നു. 2026-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ 18/5/2022 മുതൽ സേവനമനുഷ്ഠിക്കുന്ന ഡോ.ആനന്ദ് ജെയിംസിന്റെ എട്ടാമത്തെ ഓപ്ഷൻ ആയിരുന്നു പേരാമ്പ്ര താലൂക്ക് ആശുപത്രി. പേരാമ്പ്ര താലൂക്ക് ആശുപത്രിൽ സേവനമനുഷ്ഠിക്കുന്ന ഡോ.സിന്ധു.വി 06/05/2020 മുതൽ ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്നതായി കണക്കാക്കിയും ഡോ.ആനന്ദ് ജെയിംസിന്റെ ആദ്യത്തെ 7 ഓപ്ഷനുകളിലും പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാലും ആണ് ടിയാളുടെ എട്ടാമത്തെ ഓപ്ഷൻ ആയ പേരാമ്പ്ര താലൂക്ക് ആശുപത്രിയിലേയ്ക്ക് പരിഗണിച്ചത്. ഈ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഡോ. സിന്ധുവിനെ 2026ലെ പൊതുസ്ഥലം മാറ്റത്തിൽ വളയം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കേണ്ടി വന്നത്.

4.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡോ. സിന്ധുവിന്റെ സേവനകാലം പരിശോധിച്ചതിൽ നിന്നും ടിയാൾ തന്റെ താമസസ്ഥലമായ ചേവായൂരിൽ നിന്നും ഏറ്റവും അടുത്ത് ജോലി ചെയ്തിരുന്നത് പേരാമ്പ്ര താലൂക്ക് ആശുപത്രിയിലാണ്. ആയത് പോലും 43 കിലോമീറ്റർ ദൂരെയാണ്. ഇവിടെ നിന്നുമാണ് ടി മെഡിക്കൽ ഓഫീസറെ 70 കിലോമീറ്ററിലധികം ദൂരമുള്ള വളയം സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റിയത്. പൊതുസ്ഥലം മാറ്റത്തിലെ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിക്കുമ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടി ചട്ടപ്രകാരമാണ്. എങ്കിലും ദുർഘടപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും ജോലി ചെയ്തിട്ടുള്ള മെഡിക്കൽ ഓഫീസറുടെ സേവനചരിത്രം, ജീവിതപങ്കാളി മറ്റൊരു സംസ്ഥാനത്ത് ജോലി ചെയ്യുന്നുവെന്ന വസ്തുത, സ്പെഷ്യലിസ്റ്റ് തസ്തികയിൽ നിയമിക്കപ്പെട്ട ശേഷം 40 കിലോമീറ്റർ ചുറ്റളവിന് പുറത്ത് മാത്രം ജോലി ചെയ്യേണ്ടി വന്നു, വനിത എന്ന പരിഗണന തുടങ്ങിയ സംഗതികൾ പരിഗണിക്കപ്പെട്ടിരുന്നില്ല. ജീവിതപങ്കാളി മറ്റൊരു സംസ്ഥാനത്ത് ജോലി ചെയ്യുന്നതിനാൽ തന്റെ രണ്ട് പെൺമക്കളുടെയും പ്രായമായ മാതാപിതാക്കളുടെയും

സംരക്ഷണച്ചുമതലയും അപേക്ഷകയ്ക്കാണ്. നിത്യേന 75 കിലോമീറ്ററോളം സഞ്ചരിച്ച് ജോലി ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത മെഡിക്കൽ ഓഫീസർക്ക് തന്റെ ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ അത്തരമൊരു പദവിയുടെ ഉത്തരവാദിത്തം പൂർണമായ തോതിൽ നിറവേറ്റാനോ സാധിക്കാത്ത സാഹചര്യമുണ്ടാകും. കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച 5.02.2017ലെ സ.ഉ(പി)നം.3/2017/ഉഭപവ ഉത്തരവിൽ " വനിതാ ജീവനക്കാരെ കഴിയുന്നിടത്തോളം മലയോര ജില്ലകളിൽ വിദൂര പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാവുന്നതാണ് " എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വളയം കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശമാണ്. മേൽ വസ്തുതകൾ പരിഗണിച്ച് ഡോ സിന്ധു വി-യ്ക്ക് കോഴിക്കോട് ജനറൽ ആശുപത്രി (ബീച്ച് ആശുപത്രി)യിൽ പീഡിയാട്രിക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഡോ.സിന്ധു.വി, ഫയൽ ചെയ്ത OA(EKM) 891/2026 നമ്പിലുള്ള പരാമർശം (1) ഉത്തരവ് ഇതിനാൽ അനുവർത്തനം ചെയ്ത് കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിനുരാജ് എസ്
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോഴിക്കോട്
ഡോ സിന്ധു വി , ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), താലൂക്ക്ആശുപത്രി, പേരാമ്പ്ര, കോഴിക്കോട് - 673525
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ (A2/385/2026-HEALTH)

ഉത്തരവിൻ പ്രകാരം
Digitally signed by
ANUPAMA G NAIR
Date: 27-10-2026
09:41:27
സെക്ഷൻ ഓഫീസർ